കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന
ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC)
CIN: U74900KL2016SGC040120 www.keralapottery.org

KSPMMWDC/31/2021 തീയതി 11/01/2023

## ക്വട്ടേഷൻ നോട്ടീസ്

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന കളിമൺ ഉൽപ്പന്ന വിപണനവുമായി ബന്ധപ്പെട്ട് ഗുണമേൻമയുള്ള എല്ലാവിധ കളിമൺ ഉൽപ്പന്നങ്ങളും **(ചെടിച്ചട്ടികൾ, മൺപാത്രങ്ങൾ, കളിമൺ വിഗ്രഹങ്ങൾ, ചുമർ അലങ്കാര വസ്തുകൾ കമ്പോസ്റ്റ് പാത്രങ്ങൾ തുടങ്ങിയവ)** തിരുവനന്തപുരത്ത് എത്തിക്കുന്നതിന് താൽപര്യമുള്ളവരിൽ നിന്നും ഉൽപ്പന്നത്തിന്റെ വലുപ്പത്തിനനുസരിച്ചുള്ള വില രേഖപ്പെടുത്തിയ മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നു. ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകയിൽ തയ്യാറാക്കിയ ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി **25/1/2023 5 PM**

താൽപര്യമുള്ളവർ - മാനേജിംഗ് ഡയറക്ടർ, KSPMMWDC Ltd , അയ്യങ്കാളി ഭവൻ,
രണ്ടാം നില, കനകനഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം
695003 ഫോൺ:0471 2727010

എന്ന വിലാസത്തിൽ തപാലായോ, kspwdctpm@gmail.com എന്ന ഇ മെയിൽ ഐ.ഡി യിലോ ക്വട്ടേഷൻ നിശ്ചിത സമയത്തിനകം സമർപ്പിക്കേണ്ടതാണ്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതാണ്

അംഗീകരിക്കുന്ന ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം ക്വട്ടേഷൻ അംഗീകരിക്കുന്ന തീയതി മുതൽ 6 മാസക്കാലത്തേയ്ക്ക് കളിമൺ ഉൽപ്പന്നങ്ങൾ ക്വാട്ട് ചെയ്ത നിരക്കിൽ സപ്ലൈ ചെയ്യുവാൻ ബാധ്യസ്ഥമായിരിക്കും.

അംഗീകരിക്കുന്ന ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം സപ്ലൈ ഓർഡർ ലഭിച്ച് 7 ദിവസത്തിനകം കളിമൺ ഉൽപ്പന്നങ്ങൾ സപ്ലൈ ചെയ്യേണ്ടതാണ്.

അപ്രകാരം നൽകുന്ന സപ്ലൈ ഓർഡർ അനുസരിച്ച് നിശ്ചിത സമയത്തിനകം ഉൽപ്പന്നങ്ങൾ സപ്ലൈ ചെയ്യാൻ സാധിച്ചില്ല എങ്കിൽ ഉത്തരവ് റദ്ദ് ചെയ്യുന്നതും തൊട്ടടുത്ത തുകയ്ക്ക് ക്വട്ടേഷൻ നൽകിയ വ്യക്തിയോട്/സ്ഥാപനത്തോട് ഉൽപ്പന്നങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഉത്തരവ് നൽകുന്നതായിരിക്കും.

സപ്ലൈ ഓർഡർ പ്രകാരം ഉൽപ്പന്നങ്ങൾ നൽകി കഴിഞ്ഞാൽ 15 മുതൽ 20 ദിവസത്തിനകം ബിൽ പ്രകാരമുള്ള തുക ഓൺലൈനായി നൽകുന്നതാണ്.

ഉൽപ്പന്നങ്ങളുടെ ഗതാഗത സമയത്തുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കില്ല.

ഉൽപ്പന്നങ്ങൾ എത്തിക്കേണ്ട സ്ഥലം അനുസരിച്ച് ഗതാഗത ചെലവിൽ വ്യത്യാസം വരുന്നതായിരിക്കും. ഉൽപ്പന്നങ്ങളുടെ പാക്കിംഗ് ചാർജ്, കയറ്റ് കൂലി എന്നിവ ഗതാഗത ചെലവിനോടൊപ്പം ചേർക്കേണ്ടതാണ്.

മാനേജിംഗ് ഡയറക്ടർ

(മാതൃക ക്വട്ടേഷൻ)

തീയതി

മാനേജിംഗ് ഡയറക്ടർ

**KSPMMWDC Ltd** , അയ്യങ്കാളി ഭവൻ,

കവടിയാർ പി.ഒ, തിരുവനന്തപുരം

സർ,

11/01/2023 ലെ **KSPMMWDC/31/2021** നമ്പർ ക്വട്ടേഷൻ നോട്ടീസ്

പ്രകാരം നൽകുന്ന ക്വട്ടേഷൻ

ക്വട്ടേഷൻ നൽകുന്ന ഉൽഷന്നങ്ങളുടെ വിവരം

| ക്രമ നമ്പർ | ഉൽഷന്നങ്ങളുടെ പേര് | അളവ് | നിരക്ക് |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

ഒരു ലോഡിന് :

പാക്കിംഗ്, ലോഡിംഗ് ചാർജ്  ---------രൂപ

ഗതാഗത ചെലവ് (തിരുവനന്തപുരത്തേക്ക്)  ---------രൂപ

ക്വട്ടേഷൻ നൽകുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ  പേര്

ഒപ്പ്

വിലാസം

ഫോൺ നം: